केरल हिन्दी साहित्य अकादमी

കേരള ഹിന്ദി സാഹിത്യ അക്കാദമി KERALA HINDI SAHITYA ACADEMY

(Register No.277/82, 16 June 1982 : (An Organisation for Hindi Studies and National Integration)

D-1, Lakshmi Nagar, Padma Shri Dr. N. Chandrasekharan Nair Road, Pattom Palace P.O., Thiruvananthapuram-695004 (Kerala)

Mob : 8800095639 E-mail : sarada.sunanda@gmail.com Website : http://keralahindisahityaacademy.com; http://drnchandrasekharannair.in

संस्थापक अध्यक्ष : स्वर्गीय पद्मश्री डॉ.एन.चन्द्रशेखरन नायर

संरक्षक: जस्टिस एम.आर.हरिहरन नायर

(पूर्व न्यायाधीश, उच्च न्यायालय (केरल) और पूर्व ओमबुड्समेन और चेयरमान, केरल सरकार अगाडी समुदाय कल्याण कमिशन)

अध्यक्ष - प्रो.(डॉ.) एस.तंकमणि अम्मा, उपाध्यक्ष - प्रो.(डॉ.) श्रीलता के., महासचिव - डॉ.एस.सुनंदा, कोषाध्यक्ष - मालविका चन्द्रा

പത്രക്കുറിപ്പ്

ഡോ. എൻ.ചന്ദ്രശേഖരൻ നായർ
ഹിന്ദി ഗവേഷണ പുരസ്കാരം 2026

"ഡോ. എൻ. ചന്ദ്രശേഖരൻ നായർ ഹിന്ദി ഗവേഷണ പുരസ്കാരം" കേരളത്തിലെ സർവ്വകലാശാലകളിൽ നിന്ന് ഡോക്ടറേറ്റ് ഡിഗ്രി നൽകപ്പെട്ട ഏറ്റവും മികച്ച ഹിന്ദി ഗവേഷണ പ്രബന്ധത്തിന് പത്മശ്രീ ഡോക്ടർ എൻ. ചന്ദ്രശേഖരൻ നായർ (സ്ഥാപകൻ & മുൻ ചെയർമാൻ, കേരള ഹിന്ദി സാഹിത്യ അക്കാദമി) 2018-ൽ ഏർപ്പെടുത്തിയിട്ടുള്ളതാണ്. 2018 മുതൽ വർഷം തോറും കൊടുക്കുന്ന ഈ പുരസ്കാരം 50,000 രൂപയും സ്തുതിഫലകവും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ്.

ഡോ.എൻ.ചന്ദ്രശേഖരൻ നായർ ഹിന്ദി ഗവേഷണ പുരസ്കാരത്തിന്റെ 2026-ലെ വിജയിയെ പ്രഖ്യാപിച്ചു. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും 2025-ൽ **"वैश्वीकरण के दौर में उपन्यासों में विकास, विस्थापन और प्रतिरोध"** എന്ന വിഷയത്തിൽ ഹിന്ദി സാഹിത്യത്തിൽ **ഡോ. പി. രവിയുടെ** മേൽനോട്ടത്തിൽ ഡോക്ടറേറ്റ് നേടിയ **ഡോ. ശിഗേഷ് ജി. എസ്.** ആണ് പുരസ്കാരത്തിന് അർഹനായിരിക്കുന്നത്.

പരേതനായ പത്മശ്രീ ഡോ.എൻ.ചന്ദ്രശേഖരൻ നായരുടെ 104-ാം ജന്മദിനമായ ഡിസംബർ 28-ന് കേരള ഹിന്ദി സാഹിത്യ അക്കാദമിയുടെ 46-ാം വാർഷികസമ്മേളനത്തിൽ തിരുവനന്തപുരം സ്റ്റാച്ച്യുവിലുള്ള മന്നം മെമ്മോറിയൽ ഹാളിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം നൽകുന്നതാണ്. അക്കാദമി രൂപീകരിച്ച സ്വതന്ത്ര വിദഗ്ദ്ധ സമിതിയാണ് മികച്ച ഗവേഷണ വിജയിയെ തെരഞ്ഞെടുത്തത്. ഹിന്ദി ഗവേഷണ പ്രബന്ധത്തിന് കേരളത്തിൽ നിന്നും നൽകുന്ന ഏറ്റവും വലിയ പുരസ്കാരം ആണ് ഇത്.

താങ്കളുടെ പത്രത്തിൽ ഈ വാർത്ത പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

ഡോ.എസ്. സുനന്ദ
ജനറൽ സെക്രട്ടറി
Mob : 8800095639
http://keralahindisahityacademy.com
Email: keralahindisahityacademy@gmail.com
sarada.sunanda@gmail.com

17-11-2026